# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 14/02/14

(13 RABI'UL AAKHIR 1435 Hijiri)

## Hazrat Khalifathullah Munir Ahmad Azim (A)

അസ്സലാമു അലൈക്കും വറഹ്മത്തുല്ലാഹി വബർക്കാത്തുഹു പറഞ്ഞ ശേഷം ഹസ്രത് മുഹ്‌യിദ്ദീൻ (അ) തശഹ്ഹുദ്, തഅവ്വ്ദ്, സൂറ അൽ ഫാത്തിഹ ഓതിയ ശേഷം പറഞ്ഞു.

**ഇതര മതങ്ങളോടും മതവിശ്വാസികളോടുമുള്ള ഇസ്‌ലാമിന്റെ സമീപനം**

**"അല്ലാഹുവിനു പുറമേ അവർ മറ്റാരെ വിളിച്ചു പ്രാർത്ഥിക്കുന്നുവോ അവരെ നിങ്ങൾ ശകാരിക്കരുത്. അപ്പോൾ ശത്രുത നിമിത്തം അവർ അറിവില്ലാതെ അല്ലാഹുവിനെ ശകാരിച്ചേക്കും. ഇപ്രകാരം എല്ലാ ഒരോ സമുദായത്തിനും അവരുടെ പ്രവർത്തനത്തെ നാം അലങ്കാരമാക്കികാണിച്ചു കൊടുത്തു. പിന്നീട് അവരുടെ നാഥന്റെ അടുക്കലേക്കാണ് അവരുടെ മടക്കം. അപ്പോൾ അവർ പ്രവർത്തിച്ചുകൊണ്ടിരുന്നതിനെ സംബന്ധിച്ച് അവർക്ക് അവൻ വിവരം നല്കുന്നതാണ്."** (6:109)

എല്ലാ മതവിശ്വാസങ്ങളെയും വിശ്വാസികളെയും ആദരിക്കുക എന്നത് ഇസ്‌ലാമിന്റെ അടിസ്ഥാന വിശ്വാസത്തിൽപ്പെട്ടകാര്യമാണ്. മറ്റു മതക്കാർക്കും മതവിശ്വാസികൾക്കും തിരിച്ചും ഇത് ബാധകമാണ്. കുടുംബത്തിലും, സമൂഹത്തിലും, പരിസ്ഥിതിയിലും, ദേശിയവും അന്തർദേശീയവുമായ രംഗങ്ങളിലും, സമാധാനം കാത്തു സൂക്ഷിക്കുന്നതിന്, ഒരോരുത്തരുടെയും മതത്തെയും, മതവിശ്വാസത്തെയും പരസ്പരം ആദരിക്കൽ അനിവാര്യമായ ഘടകമാണ്. ഓരോ മുസ്‌ലിമും തന്റെ മതവിശ്വാസം കാത്തുസൂക്ഷിക്കുന്നതും അത് പ്രവർത്തിപഥത്തിൽ കൊണ്ടുവരുന്നതും, തനിക്ക് ഏറ്റവും ഇഷ്ടപ്പെട്ടകാര്യമായികരുതുന്നു. എന്നാൽ അതോടൊപ്പം തന്നെ ഇസ്‌ലാമിന്റെ അടിസ്ഥാനഘടകത്തിൽപ്പെട്ടതാണ് മതസഹിഷ്ണുത എന്നത്. മതസ്വാതന്ത്ര്യം പ്രഖ്യാപിച്ചിട്ടുള്ള ഏതൊരു സമൂഹത്തിലും ശാസ്ത്രിയമായ ചർച്ചനടത്തുന്നതിനും മറ്റുള്ളവരുടെ അഭിപ്രായത്തെയും വിശ്വാസത്തെയും സഹിഷ്ണുതയോടെ കാണേണ്ടത് ശാസ്ത്ര വളർച്ചയ്ക്ക് അനുപേക്ഷണീയമാണ്.

**വിശ്വാസ സ്വീകരണപ്രഖ്യാപനം**

എന്തു വിശ്വാസമാണ് സ്വീകരിക്കേണ്ടത് എന്നത് ഒരു വ്യക്തിയുടെ മാത്രം തീരുമാനമായിരിക്കണമെന്ന് വിശുദ്ധ ഖുർആൻ അർത്ഥശങ്കക്കിടയില്ലാതെ പ്രഖ്യാപിക്കുന്നു.

**പറയുക, ഇത് നിങ്ങളുടെ നാഥനിൽ നിന്നുള്ള സത്യമാണ്. അതുകൊണ്ട് ഏതൊരാൾ ഉദ്ദേശിക്കുന്നുവോ അവൻ വിശ്വസിക്കട്ടെ. ഏതൊരാൾ ഉദ്ദേശിക്കുന്നുവോ അവൻ അവിശ്വസിക്കട്ടെ.** (18:30)

**വിശ്വാസ സ്വാതന്ത്ര്യ പ്രഖ്യാപനം**

വിശ്വസിക്കുവാനും അവിശ്വസിക്കുവാനുള്ള വ്യക്തി സ്വാതന്ത്ര്യം കുടുതൽ കൃത്യമായി വ്യക്തമാക്കികൊണ്ട് വിശുദ്ധ ഖുർആൻ പറയുന്നു.

**പരമകാരുണികനും കാരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ പറയുക ഹേ അവിശ്വാസികളെ, നിങ്ങൾ ആരാധിക്കുന്നതിനെ ഞാൻ ആരാധിക്കുന്നില്ല. ഞാൻ ആരാധിക്കുന്നതിനെ നിങ്ങളും ആരാധിക്കുന്നില്ല. നിങ്ങളാരാധിക്കുന്നതിനെ ഞാൻ മേലിലും ആരാധിക്കുന്നവനല്ല. ഞാൻ ആരാധിക്കുന്നതിനെ നിങ്ങളും മേലിൽ ആരാധിക്കുന്നവരല്ല. നിങ്ങൾക്ക് നിങ്ങളുടെ മതം, എനിക്ക് എന്റെ മതവും** (109: 1– 7)

## പ്രവാചകന്റെ ഉത്തരവാദിത്വം

വിശുദ്ധ ഖുർആനിൽ, അന്യമതങ്ങളോടുള്ള സഹിഷ്ണുതാ മനോഭാവം എങ്ങനെ ആയിരിക്കണെമെന്നും, ഇസ്‌ലാമിന്റെ പരിശുദ്ധപ്രവാചകൻ മുഹമ്മദ് (സ) ഏതു പരിധിയിൽ നില്ക്കണമെന്നും, തന്റെ ഉത്തരവാദിത്വം എന്തായിരിക്കണമെന്നും താഴെപറയുന്ന വാക്കുകളിലൂടെ ഒന്നുകൂടി വ്യത്തമാക്കുന്നു.

**അതിനാൽ നീ ഉപദേശിക്കുക. നിശ്ചയമായും നീ ഉപദേശിക്കുന്നവൻ മാത്രമാണ്. നീ അവരുടെ മേൽ അധികാരം നടത്തുന്നവനല്ല. (88:22 – 23)**

വീണ്ടും അല്ലാഹു (ത) വ്യക്തമാക്കുന്നു.

**“പറയുക, മനുഷ്യരെ നിങ്ങളുടെ നാഥങ്കൽ നിന്ന് നിങ്ങൾക്ക് സത്യം വന്നു കിട്ടിയിയരിക്കുന്നു. അതിനാൽ ആരെങ്കിലും നേർമാർഗം പ്രാപിക്കുന്നതായാൽ, അവൻ തന്റെ ഗുണത്തിനു വേണ്ടിത്തന്നെയാണ് നേർമാർഗം പ്രാപിക്കുന്നത് വല്ലവനും വഴിതെറ്റി പ്പോകുന്ന പക്ഷം തനിക്ക് ദോഷകരമായിട്ടു തന്നെയാണ് അവൻ വഴിതെറ്റിപ്പോകുന്നത്. ഞാൻ നിങ്ങളുടെ മേൽ (നിശ്ചയിക്കപ്പെട്ട) കാര്യ നിർവാഹക നല്ല. 10:109”**

വീണ്ടും അല്ലാഹു (ത) പറയുന്നു.

**നാം നിന്നെ അവരുടെമേൽ കാവൽക്കാരനാക്കിയിട്ടുമില്ല. നീ അവരുടെ കാര്യനിർവ്വാഹകനുമല്ല. 6:108**

എന്റെ പ്രഭാഷണത്തിന്റെ ആരംഭത്തിൽ പാരായണം ചെയ്തതും മുകളിൽ പറഞ്ഞ വചനത്തെ തുടർന്നു വരുന്നതുമായ വചനം ഇസ്‌ലാമിന്റെ അടിസ്ഥാനതത്വങ്ങളിൽ പെട്ടതുമാണ് എന്ന് മനസ്സിലാക്കേണ്ടതാണ്.

അല്ലാഹുവിനു പുറമേ അവർ മറ്റാരെ വിളിച്ചു പ്രാർത്ഥിക്കുന്നുവോ അവരെ നിങ്ങൾ ശകാരിക്കരുത്. അപ്പോൾ ശത്രുതനിമിത്തം അവർ അറിവില്ലാതെ അല്ലാഹുവിനെ ശകാരിച്ചേക്കും. ഇപ്രകാരം എല്ലാ ഓരോ സമുദായത്തിനും അവരുടെ പ്രവർത്തനത്തെ നാം അലങ്കാരമാക്കി കാണിച്ചുകൊടുത്തു. പിന്നീട് അവരുടെ നാഥന്റെ അടുക്കലേക്കാണ് അവരുടെ മടക്കം. അപ്പോൾ അവർ പ്രവർത്തിച്ചുകൊണ്ടിരുതിനെ സംബന്ധിച്ച് അവർക്ക് അവൻ വിവരം നല്കുന്നതാണ്. (6.109)

ഇസ്‌ലാമിനെയും മുസ്‌ലിംകളേയും അനുകരിക്കുവാൻ ലോകം വളരെക്കാലമായി ശ്രമിക്കുന്നുണ്ട്. അവരുടെ നിത്യജീവിതത്തിൽ വിശുദ്ധഖുർആന്റെ ചിലകല്പനകൾ നടപ്പിൽ വരുത്തുവാൻ ശ്രമിക്കുന്നുണ്ട്. കാരണം ശരീഅത്തിന്റെ അവസാന ഗ്രന്ഥമായ വിശുദ്ധ ഖുർആനിൽ നിന്ന്, അവർക്ക് അതിലൂടെ ചില പ്രയോജനങ്ങൾ ലഭിക്കുന്നുണ്ട് എന്നതാണതിനു കാരണം. ലോകത്തിന്റെ പുരോഗതിക്ക് അത് അനിവാര്യമാണ് എന്ന് തുറന്നു സമ്മതിക്കുവാൻ തയ്യാറായിട്ടില്ല. ഇസ്‌ലാം എന്ന മതത്തെ ശരിയായമതമാണ് എന്ന് തുറന്ന് അംഗീകരിക്കുന്നില്ലെങ്കിലും, മാനവസമൂഹത്തിൽ, ചിന്തയിലും, പ്രവർത്തിയിലും വിപ്ലവകരമായ മാറ്റത്തിനു സഹായകരമായ മതമാണെന്ന്, ഇതര മതവിശ്വാസികൾ പോലും അംഗീകരിക്കുന്നുണ്ട്. രഹസ്യമായി ഇതിന്റെ അധ്യാപനങ്ങളുമായി അവർ യോജിക്കുന്നു.

മനുഷ്യനിൽ വിപ്ലവകരമായ മാറ്റത്തിനു സഹായിച്ചിട്ടുള്ള മതമാണ് ഇസ്‌ലാം. ഇപ്പോഴും അ മാറ്റത്തിന് സഹായിച്ചുകൊണ്ടിരിക്കുന്ന മതമാണ് ഇസ്‌ലാം. ഭാവിയിലും മനുഷ്യമാറ്റത്തിന് സഹായകരമായ മതമായിരിക്കും ഇസ്‌ലാം. കാരണം വിശുദ്ധ ഖുർആൻ അത്തരത്തിലുള്ള മഹത്തായതത്വങ്ങൾ ഉൾക്കൊള്ളുന്ന മഹത്തായ ജീവിതവഴികാട്ടിയാണ്.

## ഇസ്‌ലാമിനെ എതിർക്കുന്നതാര് ?

ചുരുക്കത്തിൽ മനുഷ്യന്റെ സ്വഭാവത്തിലും , സംസ്കാരത്തിലും, ചിന്തയിലും കാര്യമായമാറ്റം വരുത്തുവാൻ കഴിവുള്ള മതമാണ് ഇസ്‌ലാം. അതോടൊപ്പം ഇസ്‌ലാമിന്റെ സ്വാധീനത്താൽ അധികാരമോഹികളുടെ അധികാരം നഷ്ടമാകും, ഞാനെന്ന ഭാവത്തിൽ കഴിയുന്ന, തങ്ങളുടെ പൂർവ്വ പിതാക്കളുടെ തെറ്റായചിന്തയും വിശ്വാസവും അസ്തമിക്കും. ദൈവത്തിന്റെയും ദൈവപ്രവാചകന്മാരുടെയും യഥാർത്ഥ അധ്യാപനങ്ങൾക്ക് പകരം കൂട്ടിച്ചേർത്തു അർത്ഥ സത്യങ്ങൾ സ്ഥാപിച്ചു, മതം വികലമാക്കിയവർക്ക് സ്ഥാനമില്ലാതാകും. ഇക്കൂട്ടരാണ് ഇസ്‌ലാമിനെ എതിർക്കുന്നത്.

ഒരു കാര്യം ഓർത്തുപോവുകയാണ്. ബൈബിൾ ഗവേഷകരും, ബൈബിൾ വിദ്യാർത്ഥകളും നടത്തിയ ആധുനിക ഗവേഷണപഠനത്തിൽ കണ്ടുപിടിച്ചിരിക്കുന്നു. ഒരുകാര്യം, ഈ പുസ്തകങ്ങളിൽ പരാ

മർശിച്ചിരിക്കുന്ന കാര്യങ്ങൾ ആയിരത്തിലധികം വർഷങ്ങൾക്കു ശേഷമാണ് എഴുതപ്പെട്ടിട്ടുള്ളത് എന്ന്. ബൈബിൾ വ്യക്തമായും മനസ്സിലാക്കിത്തരുന്നു. ഏബ്രഹാമിന്റെ കാലഘട്ടവുമായി യാതൊരുബന്ധവുമി ല്ലാത്ത കുറെ കഥകൾ അതിൽ ഇടം പിടിച്ചിട്ടുണ്ട് എന്ന്. ബൈബിൾ കഥകൾ എഴുതിയവർ വളരെ വലിയ തെറ്റാണ് ചെയ്തിട്ടുള്ളത്. മതത്തോടും മതഗ്രന്ഥങ്ങളോടും തങ്ങളുടെ മുൻഗാമികൾ ചെയ്ത തെറ്റായ കൂട്ടിച്ചേർക്കലുകൾ വളരെ ഗൗരവമുള്ളതാണെങ്കിലും, അവരുടെ അനന്തരഗാമികൾ, മുൻഗാമികൾ ചെയ്ത തെറ്റുകളുടെ ഉത്തരവാദികളല്ല. മുൻതലമുറക്കാരിലേക്ക്, ദൈവീക മുന്നറിയിപ്പുമായി, മുന്നറിയിപ്പ്കാർ ആഗതരായിട്ടുണ്ട്. ഈ തലമുറയിൽ അതുണ്ടായിട്ടില്ല.

**മതാധ്യാപനങ്ങൾ എങ്ങനെ ജനങ്ങളിൽ എത്തിക്കണം**

കാര്യങ്ങൾ ഇങ്ങനെയൊക്കെ ആണെങ്കിലും, സർവ്വശക്തനായ അല്ലാഹു മുസ്ലിംകളെ പഠിപ്പിച്ചി രിക്കുന്നത് എല്ലാ മതവിശ്വാസങ്ങളെയും ആദരിക്കണം എന്നു തന്നെയാണ്. മാത്രമല്ല മതത്തിൽ യാതൊ രുവിധ നിർബന്ധവും പാടില്ല (2:257) നാം ചെയ്യേണ്ടത്, സൗമ്യതയോടെ, ക്ഷമയോടെ, പ്രയത്നത്തിലൂ ടെ, പ്രാർത്ഥനയിലൂടെ, ലോകരക്ഷിതാവിനോട് അപേക്ഷിക്കുക. ലോക രക്ഷിതാവു ഉദ്ദേശിച്ചുണ്ടെങ്കിൽ ജനങ്ങളുടെ ഹൃദയങ്ങൾക്ക് മാറ്റം വരുത്തുന്നതാണ്.

അല്ലാഹു (ത) നല്ലനിലയിൽ വ്യക്തമാക്കിയിട്ടുണ്ട്. അതായത് അവരുടെ പൊയ്ദൈവങ്ങളെ നിങ്ങൾ അപമാനിക്കരുത് എന്ന്. അവർ തെറ്റാണ് ചെയ്യുന്നതെന്ന് നിങ്ങൾക്കറിയാമെങ്കിലും നിങ്ങൾ അതിനെ മോശപ്പെടുത്തരുത്. കാരണം അവരുടെ അജ്ഞത നിമിത്തം സത്യമായ യഥാർത്ഥ ദൈവത്തെ അവർ മോശപ്പെടുത്തുന്നതാണ്. അങ്ങനെ അവർ മോശപ്പെടുത്തിയാൽ മുസ്ലീംകൾ എന്നനിലയിൽ അവർ ചെയ്യുന്ന ഈ തെറ്റിന്റെ ഉത്തരവാദിത്വം നിങ്ങൾക്കായിരിക്കും. പെതുവിശ്വാസികളോട്, നിങ്ങൾ ഒരു പരി ധിവരെ ശാന്തരായിരിക്കുക എന്ന് കല്പിക്കുകയാണ്. എന്നാൽ അല്ലാഹുവിന്റെ പ്രവാചകൻ, ഈ ആളു കൾക്കും, അവരുടെ പൊയ്ദൈവങ്ങൾക്കുമെതിരിൽ നീങ്ങുവാൻ അല്ലാഹുവിൽനിന്ന് പ്രത്യേകമായ നിർദ്ദേശം ലഭിക്കുന്നതായാൽ അല്ലാഹുവിന്റെ കല്പനകളെ അനുസരിച്ചുകൊണ്ട് അപ്രകാരം ചെയ്യുന്ന താണ്. ആയതിനാൽ മുസ്ലിംകളിലെ സാധാരണ ആളുകളും, അല്ലാഹുവിന്റെ ദൂതനും (ഒരു മുസ്ലിമാണ്) തമ്മിൽ വളരെ വലിയ വ്യത്യാസമുണ്ട്. വിശ്വാസികളിൽ ഒന്നാമൻ പ്രവാചകനാണ്. കാരണം അല്ലാഹുവിൽ നിന്ന് ലഭിക്കുന്ന വെളിപാടുകൾ, താൻ, ആദ്യമേതന്നെ വിശ്വസിക്കേണ്ടതുണ്ട്. അങ്ങനെയാണ് അദ്ദേഹം വിശ്വാസികളിൽ പ്രഥമനാകുന്നത്.

മുസ്ലിംകളുടെ വിശ്വാസത്തിന്റെ അടിസ്ഥാനശിലകളിൽപ്പെടുന്നതാണ്, വിശ്വാസസ്വാതന്ത്ര്യം. കാരണം ഏറ്റവും നല്ലനിലയിൽ വിശുദ്ധ ഖുർആൻ അർത്ഥശങ്കയ്ക്കിടയില്ലാത്ത നിലയിൽ വിശ്വാസ സ്വാതന്ത്ര്യം പ്രഖ്യാപിക്കുന്നുണ്ട്. പ്രവാചകന്റെ ദൗത്യം അല്ലാഹുവിന്റെ സന്ദേശം എത്തിക്കുക എന്നതു മാത്രമാണ്. ആരേയും നിർബന്ധിക്കുവാൻ അദ്ദേഹത്തിന് ഓരവകാശവുമില്ല. താൻ പ്രബോധിക്കുന്ന സന്ദേശം ജനങ്ങൾ സ്വീകരിക്കണമെന്നതു സംബന്ധിച്ച് അദ്ദേഹത്തിന് ഒരു ഉത്തരവാദിത്വവുമില്ല. എല്ലാ മതനേതാക്കളോടും ബഹുമാനപുരസ്സരമാണ് അദ്ദേഹം ഇടപെടേണ്ടത്. എന്നാൽ ദൈവീക നിർദ്ദേശങ്ങ ളുനുസരിച്ച് ദൈവീക സന്ദേശമെത്തിക്കുക എന്നത് അദ്ദേഹത്തിന്റെ ബാദ്ധ്യതയാണ്.

ചിലപ്പോൾ അദ്ദേഹം പരുഷമായി ഇടപെടുന്നതാണ്, ചിലപ്പോൾ മൃദുലമായി പെരുമാറുന്നതാണ്, താൻ അഭിമുഖീകരിക്കേണ്ടിവരുന്ന സാഹചര്യമനുസരിച്ചായിരിക്കും താൻ അഭിമുഖീകരിക്കേണ്ടിവരുന്ന ആളുകളെ കണക്കിലെടുത്തായിരിക്കും ദൈവകല്പനയും, ഇംഗിതവുമനുസരിച്ചായിരിക്കും പ്രവർത്തി ക്കുന്നത് എന്നതാണ് പ്രധാന്യം. വിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) ടെ കാലത്തും, ചിലപ്പോൾ അദ്ദേഹം ചിലരോട് പരുഷമായി പെരുമാറിയിട്ടുണ്ട്, ചിലപ്പോൾ അവർ കൂട്ടുകാരായിരിക്കാം, അനുയായികളായിരി ക്കാം, ശത്രുക്കളായിരിക്കാം. ഈ പറയപ്പെട്ടവരോട് തന്നെ ചിലപ്പോൾ മൃദുലമായും ഇടപെട്ടിട്ടുണ്ട്. സാഹ ചര്യത്തിന്നനുസൃതമായിട്ടാണ്, ദൈവീക നിർദ്ദേശങ്ങൾക്കനുസൃതമായിട്ടാണ്, ഈ പെരുമാറ്റവ്യത്യാസങ്ങൾ പ്രകടമാക്കുന്നത്. മനുഷ്യരുടെ ഹൃദയങ്ങൾ അല്ലാഹുവിനേക്കാൾ നന്നായി അറിയുവാൻ മറ്റാരാണുള്ളത്? ആളുകളെ സംബന്ധിച്ച് വിവരം നല്കുന്ന ഒരു വെളിപാട് ലഭിക്കാത്തടത്തോളം കാലം, അല്ലാഹുവിന്റെ പ്രവാചകൻ ഒരു സാധാരണ മനുഷ്യനെ പോലെയാണ്, അദ്ദേഹത്തെപോലുള്ളവരുടെ സത്യത, യാഥാർത്ഥ്യ ങ്ങൾ എന്തെന്ന് പ്രവാചകന് അറിയില്ല. എന്നാൽ ചില ആളുകളുടെ യഥാർത്ഥ പ്രകൃതം എന്താണെന്ന്

വെളിപാടിലൂടെ അറിയിക്കുമ്പോൾ, പ്രവാചകന് അത് സംബന്ധിച്ച വിവരങ്ങൾ ബോധ്യമാകുന്നതാണ്. അത്തരം സന്ദർഭങ്ങളിൽ സാധാരണ ആളുകൾക്ക് മനസ്സിലാകാത്ത, യോജിക്കാൻ കഴിയാത്ത, ഒരു നില പാട് പ്രവാചകന് എടുക്കേണ്ടിവരുന്നു. അതുകൊണ്ടാണ് പലപ്പോഴും പ്രവാചകനെ അവർ ഭ്രാന്തനെന്നും, ജാലവിദ്യക്കാരനെന്നും അഥവാ മജീഷ്യനെന്നും മറ്റും വിളിക്കുന്നത്. പ്രവാചകൻ പറയുന്ന സത്യത്തെ അംഗീകരിക്കുവാൻ അവർ തയ്യാരാകുന്നില്ല. ദൈവീക സ്രോതസ്സിൽ നിന്നാണ് പ്രവാചകൻ പറയുന്നതെന്നും ശരിയായലക്ഷ്യസ്ഥാനം അതാണെന്നും അവർ അറിയുന്നില്ല.

അതിനാൽ അവിശ്വാസികളെ നമുക്ക് മൂന്ന് വിഭാഗങ്ങളായി തിരിക്കാം

1) പ്രാരംഭത്തിൽ അവർ അവിശ്വാസികളായിരിക്കും. എന്നാൽ കാലം മുന്നോട്ട് പോകുമ്പോൾ അവർ അല്ലാഹുവിന്റെ പ്രവാചകന്റെ നിഷ്ക്കളങ്ക അനുയായികളായിതീരും.

2) അവർക്ക് വിശ്വാസികളായിരിക്കും . വിശ്വാസികളായി അഭിനയിക്കും എന്നിട്ട് വിശ്വാസികളുടെ ഇടയിൽ ഉണ്ടായിരിക്കും. പ്രവാചകന്റെയും വിശ്വാസികളുടെയും പ്രവർത്തനങ്ങൾ ചോർത്തി കൊടുക്കലാണ് അവരുടെ പരിപാടി.

3) കഠിനഹൃദയരായ അവിശ്വാസികൾ, അവരുടെ ഹൃദയവും, ആത്മാവും ദൈവീക പ്രകാശം സ്വീകരിക്കുന്നതിന് യോജ്യമായിരിക്കില്ല.

കപട വിശ്വാസികളെ സംബന്ധിച്ചടത്തോളം, അല്ലാഹുവിന്റെ ദൂതനുമായി നിരന്തരം ബന്ധപ്പെട്ടിരുന്നാൽ, അവർക്ക് സത്യവിശ്വാസം എത്തിപ്പിടിക്കുവാൻ സാധിക്കുന്നതാണ് (എല്ലായ്പ്പോഴും അങ്ങനെ ആയിരിക്കണമെന്നില്ല)

മൂന്നാം വിഭാഗത്തിൽപ്പെടുന്ന അവിശ്വാസികൾ അധ്യായം 109 ൽ വിവരിച്ചതുപ്രകാരമുള്ളവരാണ്. സത്യവിശ്വാസത്തെ അവർക്ക് തീരെ താത്പര്യമില്ലാത്തവരാണ്, അവരുടെ പഴയവിശ്വാസത്തിൽ തന്നെ ഉറച്ചു നില്ക്കുവാൻ താത്പര്യപ്പെടുന്നവരാണ്. അവരുമായി സമാധാനപരമായ ഒരു ബന്ധം കാത്തുസൂക്ഷിക്കലാണ് ഇസ്ലാമിന്റെ ലക്ഷ്യം. അങ്ങനെയായാൽ എല്ലാ ജനങ്ങൾക്കും , മുസ്ലിംകളോ മാറ്റിതരരോ ആകട്ടെ അവർക്ക് സമാധാനപരമായി കഴിയാൻ കഴിയും. സർവ്വശക്തനായ അല്ലാഹുവാണ് എല്ലാവരെയും ആത്യന്ത്യകമായി വിധിക്കുന്നത്. ആ വിധി അവരുടെ വിശ്വാസത്തിന്നനുസൃതമായിട്ടായിരിക്കും, അവരുടെ പ്രവർത്തനങ്ങൾക്കനുസൃതമായിട്ടായിരിക്കും, അവരുടെ ഉദ്ദേശങ്ങൾക്കനുസൃതമായിട്ടായിരിക്കും. അല്ലാഹുവിന്റെ ദൂതന്മാരുടെ ഉത്തരവാദിത്വം അല്ലാഹുവിന്റെ സന്ദേശത്തെ അവർക്ക് വ്യക്തമാക്കിക്കൊടുക്കുക എന്നുള്ളതാകുന്നു. ഞങ്ങൾ സത്യത്തെകുറിച്ച് ബോധവാന്മാരായിരുന്നില്ല എന്ന് അവർ പറയാതിരിക്കുന്നതിനു വേണ്ടി.

സന്മാർഗ്ഗത്തെ പിന്തുടരുന്ന എല്ലാവർക്കും സമാധാനം ഉണ്ടാകട്ടെ. ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലുള്ള എല്ലാവർക്കും അതുപോലെ ലോകമെമ്പാടുമുള്ള എല്ലാ മുസ്ലിം സഹോദരങ്ങൾക്കും ഇസ്ലാമിന്റെ യഥാർത്ഥ സത്തഉൾക്കൊള്ളുവാൻ കഴിയട്ടെ.

**ഇസ്ലമിന്റെ ലക്ഷ്യം–ലോക ക്ഷേമം**

ഇസ്ലാം പ്രബോധിക്കുന്ന സഹിഷ്ണുത ലോകത്തിലെ സകല മനുഷ്യരുടെയും ക്ഷേമം മാത്രമാണ്. അത് നമ്മുടെ പ്രവർത്തിയിലൂടെ ലോകജനതയ്ക്ക് ബോധ്യമാകണം. അല്ലാഹു (ത) വിന്റെ അധ്യാപനം നമ്മിൽ നിന്നും നഷ്ടപ്പെട്ടിട്ടില്ല എന്ന് ഒരിക്കൽകൂടി തെളിയിക്കണം. ഇസ്ലാമിന്റെ പ്രകാശം, വിജയപ്രദമായ നിലയിൽ, നാം മുറുകെ പിടിക്കുവാൻ ശക്തരാണ്, എന്ന് ലോകം ഒരിക്കൽകൂടി മനസ്സിലാക്കട്ടെ ഇൻശാ അല്ലാഹ് ആമീൻ.

Translated & Issued By
***R. Jamaludin Raother***
***Amir***

*Jamaat-Ul-Sahih-Al-Islam, Kerala*
*Ph: 9447001832 / 0475 2220223*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*
*email : muhyiuddin@jamaat-ul-sahih-al-islam.com*